**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5088** **02-11-2021 - ൽ മറുപടിയ്ക്ക്**

**ജൈവകൃഷി വികസനത്തിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൈവകൃഷി വികസനത്തിന് സഹായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ജൈവ കൃഷി വികസനത്തിന് സഹായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം. 39/2010 കൃഷി തിരുവനന്തപുരം, തീയതി, 10.02.2010 പ്രകാരം സംസ്ഥാനത്ത് ജൈവ കൃഷി നയം പ്രഖ്യാപിച്ചു. ആയതിന്റെ ഭാഗമായി ഘട്ടം ഘട്ടമായി ജൈവകൃഷി വ്യാപനം നടത്തി വരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിരുന്നത്. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75000 രൂപയാണ് ധനസഹായമായി നൽകിയിരുന്നത്. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിച്ചത്. ഉത്തമ കൃഷി മുറകൾ പാലിച്ച് കൊണ്ട് പഴം, പച്ചക്കറി കൃഷി 1405 ക്ലസ്റ്ററുകൾ മുഖേന ജൈവ കൃഷി വ്യാപിപ്പിച്ചു. കൂടാതെ സംസ്ഥാന സർക്കാർ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10000 രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം - സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തി. ആയതിൻെറ അടിസ്ഥാനത്തിൽ 1000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഒരു ഇക്കോഷോപ്പിന് 2.00 ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. 2013 മുതൽ നാളിതുവരെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. ജൈവ ഉല്പന്നങ്ങൾ |

| | | | |
|---|---|---|---|
| | | | വിൽപന നടത്തുന്നതിന് ഇക്കോഷോപ്പ് ഒന്നിന് 2.00 ലക്ഷം രൂപ നിരക്കിൽ നടപ്പ് സാമ്പത്തിക വർഷം പുതുതായി 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 24.00 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കി വരുന്നു. നിലവിൽ 3 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. കൂടാതെ 2 ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിൻെറയും സംസ്ഥാന സർക്കാരിൻെറയും സംയുക്ത സഹായത്തോടെ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയും സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു. ആയതിൻെറ വിശദാംശം ചുവടെ ചേർക്കുന്നു. 1) പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതി കേന്ദ്ര സർക്കാരിൻെറയും സംസ്ഥാന സർക്കാരിൻെറയും സംയുക്ത സഹായത്തോടെ (ഫണ്ടുകളുടെ 60:40 അനുപാതത്തിൽ) ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്ന് വർഷം ധനസഹായം നൽകി ജൈവ കൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകും. നിലവിൽ 505 ക്ലസ്റ്ററുകളിലൂടെ ആകെ 10100 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കി വരുന്നു. 2) സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി സ്വാഭാവിക കൃഷി / പ്രകൃതി കൃഷി പ്രോത്സാഹിപ്പിക്കുന്നതിൻെറ ഭാഗമായി കേന്ദ്ര സർക്കാരിൻെറയും സംസ്ഥാന സർക്കാരിൻെറയും സംയുക്ത സഹായത്തോടെ ഈ വർഷം 84000 ഹെക്ടർ സ്ഥലത്ത് സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ) കേരളത്തിൽ നടപ്പിലാക്കി വരുന്നു. 500 ഹെക്ടർ വീതമുള്ള 168 ക്ലസ്റ്ററുകൾ ബ്ലോക്ക് തലത്തിൽ രൂപീകരിച്ച് പദ്ധതി നടപ്പിലാക്കുന്നു. ക്ലസ്റ്റർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപയും വീതം ധനസഹായം നൽകുന്നു. |
| (ബി) | 2021-22 സാമ്പത്തിക വർഷത്തെ ലക്ഷ്യം കൈവരിക്കുന്നതിനായി ഇതിനോടകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | സംസ്ഥാനത്ത് ജൈവ കൃഷി വികസനത്തിന് സഹായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം. 39/2010 കൃഷി തിരുവനന്തപുരം, തീയതി, 10.02.2010 പ്രകാരം സംസ്ഥാനത്ത് ജൈവ കൃഷി നയം പ്രഖ്യാപിച്ചു. ആയതിന്റെ ഭാഗമായി ഘട്ടം ഘട്ടമായി ജൈവകൃഷി വ്യാപനം നടത്തി വരുന്നു. ജൈവകൃഷി |

പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലസ്റ്ററടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിരുന്നത്. 25 ഹെക്ടർ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററിനും 75000 രൂപയാണ് ധനസഹായമായി നൽകിയിരുന്നത്. കർഷകരുടെ കൂട്ടായ ജൈവ കാർഷിക പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിച്ചത്. ഉത്തമ കൃഷി മുറകൾ പാലിച്ച് കൊണ്ട് പഴം, പച്ചക്കറി കൃഷി 1405 ക്ലസ്റ്ററുകൾ മുഖേന ജൈവ കൃഷി വ്യാപിപ്പിച്ചു. കൂടാതെ സംസ്ഥാന സർക്കാർ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10000 രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം - സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ 1000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഒരു ഇക്കോഷോപ്പിന് 2.00 ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. 2013 മുതൽ നാളിതുവരെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവകൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിയ്ക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. ജൈവ ഉല്പന്നങ്ങൾ വിൽപന നടത്തുന്നതിന് ഇക്കോഷോപ്പ് ഒന്നിന് 2.00 ലക്ഷം രൂപ നിരക്കിൽ നടപ്പ് സാമ്പത്തിക വർഷം പുതുതായി 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 24.00 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കി വരുന്നു. നിലവിൽ 3 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. കൂടാതെ 2 ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയും സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു. ആയതിന്െറ വിശദാംശം ചുവടെ ചേർക്കുന്നു. 1) പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ (ഫണ്ടുകളുടെ 60:40 അനുപാതത്തിൽ) ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്ന് വർഷം ധനസഹായം നൽകി ജൈവ കൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ വീതം ധനസഹായം നൽകും. നിലവിൽ 505 ക്ലസ്റ്ററുകളിലൂടെ ആകെ 10100 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കി വരുന്നു. 2) സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി സ്വാഭാവിക കൃഷി / പ്രകൃതി കൃഷി പ്രോത്സാഹിപ്പിക്കുന്നതിൻെറ ഭാഗമായി കേന്ദ്ര സർക്കാരിൻെറയും സംസ്ഥാന സർക്കാരിൻെറയും സംയുക്ത സഹായത്തോടെ ഈ വർഷം 84000 ഹെക്ടർ സ്ഥലത്ത് സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ) കേരളത്തിൽ നടപ്പിലാക്കി വരുന്നു. 500 ഹെക്ടർ വീതമുള്ള 168 ക്ലസ്റ്ററുകൾ ബ്ലോക്ക് തലത്തിൽ രൂപീകരിച്ച് പദ്ധതി നടപ്പിലാക്കുന്നു. ക്ലസ്റ്റർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപയും വീതം ധനസഹായം നൽകുന്നു. |
| (സി) | ജൈവകൃഷി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്ന തരത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ? | (സി) | ജൈവ കൃഷി എന്നത് ഒറ്റപ്പെട്ട ഒരു കൃഷി സമ്പ്രദായമല്ല മറിച്ച് മൃഗപരിപാലനം, ക്ഷീരോൽപാദനം, കോഴിവളർത്തൽ, പന്നിവളർത്തൽ, വനവൽക്കരണം, തേനീച്ച വളർത്തൽ എന്നിവയെല്ലാം കൂടിച്ചേർന്നൊരു സമഗ്രസമീപനമാണ്. നമുക്ക് ചുറ്റുമുള്ള കാർഷികേതരമായ ജൈവവൈവിധ്യവും കൂടിച്ചേർന്നതാണ് നമ്മുടെ ആവാസവ്യവസ്ഥ. ഇതെല്ലാം കൂട്ടിചേർത്ത് കൊണ്ട് കേരളത്തെ സമ്പൂർണ്ണ ജൈവ സംസ്ഥാനമാക്കുന്നതിനായി ഓർഗാനിക് മിഷൻ രൂപീകരിക്കുന്നതിനുള്ള രൂപ രേഖ തയ്യാറാക്കി വരുന്നു. മിഷന്റെ കീഴിൽ കേരളത്തിന് അനുയോജ്യമായ രീതിയിൽ ജൈവകൃഷി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ കൈവരിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ